15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3084 — 13-07-2022 - ൽ മറുപടിയ്ക്ക്

കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാല നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ? | (എ) | **ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10/01/2017-ലെ സ.ഉ.(സാധാ)നം. 942/2017/പൊ.മ.വ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും ആർ.ബി.ഡി.സി.കെ-യെ SPV ആയി നിയമിച്ചിട്ടുള്ളതുമാണ്. 09/11/2018-ലെ PWD 016-12-PA-01 കിഫ്ബി ഉത്തരവുപ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതും. റവന്യൂവകുപ്പിന്റെ 13/05/2019-ലെ സ.ഉ.(സാധാ)നം. 1112/2019/RD നമ്പർ ഉത്തരവ് പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. 24/12/2018-ൽ ഭൂമിഏറ്റെടുക്കുന്നതിന് അർത്ഥനപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നതും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്ന് പൊന്നും വില നടപടികൾ തുടർന്ന് വരുന്നതുമാണ്. 4(1) നോട്ടിഫിക്കേഷൻ 27/12/2019ൽ പുറപ്പെടുവിച്ചിരുന്നതും സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച് expert committee report ലഭ്യമായിട്ടുള്ളതും 23/01/2021ൽ (11) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് നിലവിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും സബ്ഡിവിഷൻ റിക്കാർഡ് ലഭ്യമായിട്ടുള്ളതും സ്ഥലവില ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും, ചമയങ്ങളുടെയും, കെട്ടിടങ്ങളുടേയും വിലനിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ കോസ്റ്റ് ഇനത്തിൽ 10,83,06,905/- രൂപ സ്പെഷ്യൽ തഹസിൽദാർക്ക് 22.03.2022-ൽ നൽകിയിട്ടുള്ളതുമാണ്. പുനരധിവാസ പാക്കേജുകൾ ലാൻറ്** |

| | | | |
|---|---|---|---|
| | | | **റവന്യൂകമ്മീഷണർ അംഗീകരിച്ച് 07.06.2022-ൽ ഉത്തരവായിട്ടുള്ളതും 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ എൽ.എ.ഒ ഓഫീസിൽ സ്വീകരിച്ച് വരുന്നതുമാണ്. ഫൈനൽ ജി.എ.ഡി. 22//10/2021-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുകയും, റെയിൽവേയിൽ നിന്നും ഫൈനൽ ജി,എ.ഡി-യ്ക്ക് അംഗീകാരവും ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.** |

സെക്ഷൻ ഓഫീസർ